©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | **2018 ഒക്ടോബർ 9**<br>9th October 2018<br>**1194 കന്നി 23**<br>23rd Kanni 1194<br>**1940 ആശ്വിനം 17**<br>17th Aswina 1940 | നമ്പർ<br>No. | **40** |

# PART III
# Co-operative Department

**പത്തനംതിട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്**

(ഹാജർ : പി. ജെ. അബ്ദുൽ ഗഫാർ)

നമ്പർ എസ്.സി.റ്റി.എം. 3747/2018. 2018 സെപ്റ്റംബർ 6.

വിഷയം:— എ.138-ാം നമ്പർ ആനിക്കാട് റബ്ബർ കർഷക സഹകരണസംഘം (ക്ലിപ്തം) സമാപ്തീകരണ നടപടി സ്വീകരിക്കുന്നതിനായി ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എഴുമറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(2) മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 6-7-2018-ലെ ഇ.1/18-ാം നമ്പർ കത്ത്.

എ. 138-ാം നമ്പർ ആനിക്കാട് റബ്ബർ കർഷക സഹകരണ സംഘം (ക്ലിപ്തം) ആനിക്കാട് ആസ്ഥാനമാക്കി 15-6-1981-ൽ രജിസ്റ്റർ ചെയ്ത് 26-7-1981-ൽ പ്രവർത്തനം ആരംഭിച്ചു. ടി സംഘത്തിന്റെ പ്രവർത്തന പരിധി ആനിക്കാട് പഞ്ചായത്ത് ആകുന്നു. 2000–2001 വരെ സംഘത്തിന്റെ ആഡിറ്റ് നടന്നിട്ടുണ്ട്. സംഘം 17 വർഷമായി പ്രവർത്തനരഹിതമാണ്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി 13-4-2000-ൽ നിലവിൽ വരികയും 28-4-2003-ൽ ടി ഭരണസമിതിയുടെ കാലാവധി അവസാനിച്ചിട്ടുള്ളതുമാണ്. അതിനുശേഷം ഭരണസമിതി തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. സംഘത്തിന് യാതൊരുവിധ ആസ്തിയുമില്ലാത്തതുമാണ്. മിനിറ്റ്സ് ബുക്കോ, മറ്റ് റിക്കാർഡുകളോ ഒന്നും തന്നെ ലഭ്യമല്ലാത്തതുമാണ്. മേൽ സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് യാതൊരുവിധ സാധ്യതയും ഇല്ലായെന്ന് സൂചന (1) പ്രകാരം ഉള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് യാതൊരുവിധ സാധ്യതയുമില്ലാത്തതിനാൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്യുന്നു.

സൂചന (1) പ്രകാരമുള്ള പരിശോധനയിൽ സംഘം പുനരുദ്ധീകരിക്കുന്നതിന് യാതൊരുവിധ സാദ്ധ്യതയും ഇല്ലാത്തതിനാലും സംഘം സമാപ്തീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എന്നിവർ എതിർ അഭിപ്രായം നൽകാത്ത സാഹചര്യത്തിലും

സംഘത്തിന്റെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിന് കഴിയില്ല എന്ന് ഉത്തമ ബോദ്ധ്യം വന്ന സാഹചര്യത്തിൽ സഹകരണനിയമം വകുപ്പ് 66 (1) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടും റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ ശുപാർശയും പരിഗണിച്ച് കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

എ. 138-ാം നമ്പർ ആനിക്കാട് റബ്ബർ കർഷക സഹകരണ സംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എഴുമറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഉടൻ ഏറ്റെടുക്കേണ്ടതും ചാർജ്ജ് ഏറ്റെടുത്ത വിവരവും, ഏറ്റെടുത്ത മുതലുകളുടേയും റിക്കാർഡുകളുടെയും വിവരങ്ങളും യഥാസമയം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചാർജ്ജ് ഏറ്റെടുത്ത ശേഷം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തേണ്ടതും ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം തയ്യാറാക്കി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിലേക്കായി 3 പ്രതികൾ ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ഓഫീസ്, (ഒപ്പ്)
പത്തനംതിട്ട. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആലപ്പുഴ പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : ജി. ശ്രീകുമാർ)

നമ്പർ എച്ച്. എം. 3707/2018. 2018 ആഗസ്റ്റ് 23.

വിഷയം:— സഹകരണ വകുപ്പ്—മാവേലിക്കര താലൂക്ക് ഡക്ക് ബ്രീഡേഴ്സ് സഹകരണസംഘം (ക്ലിപ്തം) നമ്പർ എ 635-സഹകരണസംഘം നിയമം വകുപ്പ് 71(1) പ്രകാരം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മാവേലിക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഭരണിക്കാവ് യൂണിറ്റ് ഇൻസ്പെക്ടറുടെ 66-ാം വകുപ്പ് പ്രകാരമുള്ള പരിശോധന റിപ്പോർട്ട്.

(2) മാവേലിക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 24-5-2018 തീയതിയിലെ എ. 635/2008 നമ്പർ കത്ത്.

(3) ഈ ഓഫീസിലെ 20-7-2018-ലെ ഇതേ നമ്പർ നോട്ടീസ്.

മാവേലിക്കര താലൂക്ക് ഡക്ക് ബ്രീഡേഴ്സ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 635 ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കോട്ടമുറി ആസ്ഥാനമാക്കി 17-7-1976-ൽ രജിസ്റ്റർ ചെയ്യപ്പെടുകയും 21-8-1976-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത ഒരു സഹകരണ സംഘമാണ്.

സൂചന (1) പ്രകാരം സമർപ്പിച്ചിട്ടുള്ള 66-ാം വകുപ്പ് പരിശോധനാ റിപ്പോർട്ടിൽ സംഘം നിർജ്ജീവാവസ്ഥയിലാണെന്നും സംഘത്തിന് സ്വന്തമായി ആഫീസോ ശമ്പളം പറ്റുന്ന ജീവനക്കാരോ ഇല്ലെന്നും, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഇല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യാതൊരുവിധ പ്രവർത്തികളും സംഘം ഏറ്റെടുത്ത് ചെയ്യുന്നില്ലെന്നും നിർജ്ജീവാവസ്ഥയിൽ തുടരുകയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യങ്ങളിൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും എൻക്വയറി ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാവേലിക്കരയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി സംഘം പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്നും ഈ നടപടിക്കെതിരെ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നിശ്ചിത സമയപരിധിക്കുള്ളിൽ ബോധിപ്പിക്കണമെന്നും സൂചന (3) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ ഏത് ഉദ്ദേശലക്ഷ്യങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിയാണോ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്, ആ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ടി സംഘം പരാജയപ്പെട്ടിരിക്കുന്നുവെന്നും അംഗങ്ങൾക്ക് സംഘത്തിന്റെ പ്രവർത്തനത്തിൽ താൽപര്യമില്ലായെന്നും സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ യാതൊരു സാദ്ധ്യതയുമില്ലായെന്നും ഇപ്പോഴത്തെ അവസ്ഥയിൽ ടി സംഘം പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടികയിൽ തുടർന്നു പോകേണ്ട ആവശ്യം ഇല്ലായെന്നും ഉത്തമ ബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

മാവേലിക്കര താലൂക്ക് ഡക്ക് ബ്രീഡേഴ്സ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 635-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) വകുപ്പ് പ്രകാരം സമാപ്തീകരിക്കുന്നതിനായി ടി നിയമം വകുപ്പ് 72 പ്രകാരം മാവേലിക്കര താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ തഴക്കര യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഘത്തിന്റെ എല്ലാവിധ മുതലുകളുടെയും റിക്കാർഡുകളുടെയും ചുമതല ലിക്വിഡേറ്റർ ഏറ്റെടുത്ത് വിവരം ഈ ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചാർജ്ജെടുക്കുന്ന തീയതിയിലെ വരവ് ചെലവ് കണക്കും ബാക്കിപത്രവും അയച്ചുതരേണ്ടതാണ്. ലിക്വിഡേറ്റർ സഹകരണ നിയമം വകുപ്പ് 73, ചട്ടം 69(12) എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രകാരമുള്ള സമയപരിധിക്കകം സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ഓഫീസ്, (ഒപ്പ്)
ആലപ്പുഴ. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

## ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(1)

നമ്പർ എ.ഇ.എൽ. 985/2018. 2018 ജൂൺ 21.

വിഷയം:— കൊന്നത്തടി ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ.418— സമാപ്തീകരണം— ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ടെ 7-11-2017-ലെ 771/17-ാം നമ്പർ കത്ത്.

(2) ഈ ആഫീസിലെ 28-2-2018 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ഐ. 418-ാം നമ്പർ കൊന്നത്തടി ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം പ്രവർത്തന രഹിതമാണെന്നും, സംഘം വക റിക്കാർഡുകൾ ലഭ്യമായിട്ടില്ലായെന്നും, സംഘത്തിനെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാദ്ധ്യതയും കാണുന്നില്ലെന്നും ആയതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനെതിരെ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് സംഘത്തിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും സൂചന (2) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെയായി ആരിൽ നിന്നും യാതൊരു ആക്ഷേപങ്ങളും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിന് ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ സഹകരണ നിയമപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

ഐ. 418-ാം നമ്പർ കൊന്നത്തടി ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 'സി' യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും യഥാക്രമം കേരള സഹകരണ നിയമം വകുപ്പ് 71(1), 72(1) എന്നീ വകുപ്പുകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ ചാർജ്ജെടുക്കേണ്ടതും ചാർജ്ജെടുക്കുന്ന തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ആഫീസിൽ ഉടൻതന്നെ റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

(2)

നമ്പർ എ.ഇ.എൽ. 988/2018. 2018 ജൂൺ 21.

വിഷയം:— രാജാക്കാട് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ. 248—സമാപ്തീകരണം ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 5-12-2017 തീയതിയിലെ കത്ത്.

(2) ഈ ആഫീസിലെ 28-2-2018 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ഐ. 248-ാം നമ്പർ രാജാക്കാട് ഹൗസിംഗ് സഹകരണ സംഘം പ്രവർത്തന രഹിതമാണെന്നും സംഘം വക റിക്കാർഡുകൾ ലഭ്യമായിട്ടില്ലായെന്നും സംഘത്തിനെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാദ്ധ്യതയും കാണുന്നില്ലെന്നും ആയതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനെതിരെ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് സംഘത്തിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും സൂചന (2) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെയായി ആരിൽ നിന്നും യാതൊരു ആക്ഷേപങ്ങളും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിന് ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ സഹകരണ നിയമപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

ഐ. 248-ാം നമ്പർ രാജാക്കാട് ഹൗസിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 'സി' യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും യഥാക്രമം കേരള സഹകരണ നിയമം വകുപ്പ് 71(1), 72(1) എന്നീ വകുപ്പുകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ ചാർജ്ജെടുക്കേണ്ടതും ചാർജ്ജെടുക്കുന്ന തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ആഫീസിൽ ഉടൻതന്നെ റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

(3)

നമ്പർ എ.ഇ.എൽ. 4618/2017. 2018 ജൂൺ 21.

വിഷയം:—അയ്യപ്പൻകോവിൽ വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ. 363—സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 23-6-2017 തീയതിയിലെ ഒ 642/17 നമ്പർ കത്ത്.

(2) ഈ ആഫീസിലെ 14-9-2017 തീയതിയിലെ ഇതേ നമ്പർ കത്ത്.

ഐ. 363-ാം നമ്പർ അയ്യപ്പൻകോവിൽ വനിതാ സഹകരണ സംഘം പ്രവർത്തന രഹിതമാണെന്നും, സംഘം വക റിക്കാർഡുകൾ ലഭ്യമായിട്ടില്ലായെന്നും, സംഘത്തിനെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാദ്ധ്യതയും കാണുന്നില്ലെന്നും ആയതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനെതിരെ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് സംഘത്തിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും സൂചന (2) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെയായി ആരിൽ നിന്നും യാതൊരു ആക്ഷേപങ്ങളും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിന് ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ സഹകരണ നിയമപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ഐ. 363-ാം നമ്പർ അയ്യപ്പൻകോവിൽ വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 'ബി' യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും യഥാക്രമം കേരള സഹകരണ നിയമം വകുപ്പ് 71(1), 72(1) എന്നീ വകുപ്പുകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ ചാർജ്ജെടുക്കേണ്ടതും, ചാർജ്ജെടുക്കുന്ന തീയതിയിലെ ബാക്കിപ്പത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ആഫീസിൽ ഉടൻതന്നെ റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

(4)

നമ്പർ എ.ഇ.എൽ. 6437/2017. 2018 ജൂൺ 21.

വിഷയം:—കുമളി റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ. 598—സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) പീരുമേട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 13-11-2017 തീയതിയിലെ 391/17/A നമ്പർ കത്ത്.

(2) ഈ ആഫീസിലെ 28-2-2018 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ഐ. 598-ാം നമ്പർ കുമളി റൂറൽ സഹകരണ സംഘം പ്രവർത്തന രഹിതമാണെന്നും, സംഘം വക റിക്കാർഡുകൾ ലഭ്യമായിട്ടില്ലായെന്നും, സംഘത്തിനെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാദ്ധ്യതയും കാണുന്നില്ലെന്നും ആയതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും പീരുമേട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനെതിരെ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് സംഘത്തിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും സൂചന (2) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെയായി ആരിൽ നിന്നും യാതൊരു ആക്ഷേപങ്ങളും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിന് ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ സഹകരണ നിയമപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ഐ. 598-ാം നമ്പർ കുമളി റൂറൽ സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനും പീരുമേട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 'എ' യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും യഥാക്രമം കേരള സഹകരണ നിയമം വകുപ്പ് 71(1), 72(1) എന്നീ വകുപ്പുകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ ചാർജ്ജെടുക്കേണ്ടതും, ചാർജ്ജെടുക്കുന്ന തീയതിയിലെ ബാക്കിപ്പത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ആഫീസിൽ ഉടൻതന്നെ റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ഓഫീസ്, (ഒപ്പ്)
ഇടുക്കി. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

## രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

നമ്പർ ഒ-10176/2017/ആർ.ഡിസ്. 2018 ജൂലൈ 28.

1969-ലെ കേരള സഹകരണ സംഘം ആക്ട് (1969-ലെ 21-ാം നമ്പർ ആക്ട്) 7-ാം വകുപ്പനുസരിച്ച് എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സാക്ഷ്യപ്പെടുത്തുന്ന തെന്തെന്നാൽ തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ (തപാലാഫീസ് പി. ഒ. വല്ലച്ചിറ), വല്ലച്ചിറ വനിത സോഷ്യൽ വെൽഫയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1522 ഇന്നേ ദിവസം പ്രസ്തുത ആക്ട് അനുസരിച്ച് ക്ലിപ്ത ബാധ്യതയോടുകൂടിയ ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത വകുപ്പനുസരിച്ച് മേൽപ്പറഞ്ഞ സംഘത്തിന്റെ നിബന്ധനകളും രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു.

### തരംതിരിച്ചുള്ള പട്ടിക

1. സംഘത്തിന്റെ നമ്പരും പേരും—ആർ. 1522, വല്ലച്ചിറ വനിത സോഷ്യൽ വെൽഫയർ സഹകരണ സംഘം ക്ലിപ്തം.
2. രജിസ്റ്റർ ചെയ്ത തീയതി—28-7-2018.
3. മേൽവിലാസം—വല്ലച്ചിറ വനിത സോഷ്യൽ വെൽഫയർ സഹകരണ സംഘം ക്ലിപ്തം. പി. ഒ. വല്ലച്ചിറ പിൻ-680 562.
4. പ്രവർത്തന പരിധി—തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ, ആറാട്ടുപുഴ, ചേർപ്പ് പഞ്ചായത്തിലെ ഊരകം വില്ലേജ് കൂടി ഉൾപ്പെടുന്ന പ്രദേശം.
5. ബാധ്യത—ക്ലിപ്തം.
6. പ്രധാന ഉദ്ദേശ്യം—അംഗങ്ങളുടെ ഉന്നമനത്തിനും സാമൂഹ്യ പുരോഗതിക്കും.
7. അംഗീകൃത ഓഹരി മൂലധനം—

| | | | | | | |
|---|---|---|---|---|---|---|
| 'എ' ക്ലാസ് | ` 100 | × | 3000 | = | ` | 3,00,000 |
| 'ബി' ക്ലാസ് | ` 1,000 | × | 500 | = | ` | 5,00,000 |
| 'സി' ക്ലാസ് | ` 10 | ×` | 250 | = | ` | 25,000 |
| | | | | ആകെ | ` | 8,25,000 |

8. സംഘത്തിന്റെ തരം—വനിത ചട്ടം 15(10) എ
9. പരമാവധി വാങ്ങാവുന്ന കടം—പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെയും കരുതൽ ധനത്തിന്റെയും നൂറ്റമ്പത് (150) മടങ്ങായിരിക്കും.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) (ഒപ്പ്)
ഓഫീസ്, തൃശ്ശൂർ. ജോയിന്റ് രജിസ്ട്രാർ (ജനറൽ).